റാവുസാഹിബ്ബ് കെ. അയ്യപ്പൻ:

വൈപ്പിൻ-പള്ളിപ്പുറം റോഡിനു വേണ്ടതായ സ്ഥലം അകപയർ ചെയ്യുവരുന്നുണ്ട്. ഫ ഫ ഫ ര-ൽ എല്ലാ പണിയും കഴിക്കാമെന്നുദ്ദേശിക്കുന്നു.

ഡപ്യൂ. ചെയർമാൻ ജി. എസ്സ്. ധാരാസിംഗ്: വൈപ്പിൻ–പള്ളിപ്പുറം റോഡിനു് എത്ര അടി വീതിയിൽ സ്ഥലമെടുക്കുന്നുണ്ടു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ര ഠ അടി വീതിയിൽ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഫ ഫ–ൽ അകപ്പിസിഷൻ മാത്രമേ നടന്നിട്ടുള്ളുവോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: വൈപ്പിൽനിന്നു് ഞാറക്കൽവരെ അകപ്പിസിഷൻ അവാർഡ് തയ്യാറാക്കീട്ടുണ്ടു്. അവിടെനിന്നു അങ്ങോട്ടു് അകപ്പിസിഷന്റെ ആവശ്യമില്ല. ഇപ്പോഴുള്ള റോഡ്തന്നെ നന്നാക്കിയാൽ മതി.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഈ റോഡു പണിയുടെ ടെണ്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ടെണ്ടർ വിളിച്ചുകൊടുത്തിട്ടുണ്ടു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: കരാർ ഉറപ്പിച്ചുവോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഉറപ്പിച്ചു.

മിസ്റ്റർ പി. എ. മുഹമ്മത് അഷ്റഫ്: ആ റോഡിൽ ഫുട്പാത്തുണ്ടാക്കാൻ ഉദ്ദേശമുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ര ഠ അടി വീതിയിലാണു് റോഡിനു് സ്ഥലമെടുത്തിട്ടുള്ളതു്. ഫുട്പാത്തും മറ്റും അവിടെ വേണ്ടിവരുമെന്നതോന്നുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മത് അഷ്റഫ്: വീതി പോയെന്ന നിലയിൽ ഇതുമുഴുവൻ സ്ഥലം അകപയർ ചെയ്യേണ്ടിവരുമോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഈ റോഡിനു് വേണ്ടിവരുകയില്ല.

LABOUR DISPUTES—ADJUDICATION OF

284 മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ഫ ഫ ഫ-ൽ കൊച്ചിയിൽ ആകെ എത്ര പണിമുടക്കങ്ങൾ ഉണ്ടായിട്ടുണ്ടു്;
(ബി) ഓരോന്നിലും ഏർപ്പെട്ട തൊഴിലാളികളുടെ എണ്ണം എത്ര;
(സി) ഏതെല്ലാം തൊഴിൽ തർക്കങ്ങളാണു് അഡ്ജൂഡിക്കേഷനു വെച്ചതു്;
(ഡി) അവയിൽ ഏർപ്പെട്ട തൊഴിലാളികൾ എത്ര;
(ഇ) ഏതെല്ലാം കേസ്സുകളിലാണു് ഇപ്പോൾ അഡ ജൂഡിക്കേഷൻ നിലവിലുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ആകെ ഫ ൻ പണിമുടക്കങ്ങൾ ഉണ്ടായതായി അറിവുണ്ടു്.
(ബി) കണക്കെടുത്തിട്ടില്ല.
(സി) (ക) അളഗപ്പ ടെക്സ്ടയിൽസ്.
(ഖ) കൊച്ചിൻ പോട്ടറീസ്സ്.
(ഗ) സീതാറാം സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് കമ്പനി.
(ഘ) സ്റ്റാണ്ടേർഡ് വാക്വം ഓയിൽ കമ്പനി.
(ങ) കൊക്കാലെ റൈസ് ആൻറ് ഓയൽ കമ്പനി
(ച) ഗുഡ്ഡിവപേത്തുർ റബ്ബർ വർക്സ്.
(ഛ) ടാറാ ഓയിൽ മിൽസ്.
(ജ) ബമ്മാ ഷെൽ ഓയിൽ കമ്പനി.
(ഝ) വെള്ളാനിക്കര തട്ടിൽ റബ്ബർ എസ്റ്റേറ്റ് ഫാക്ടറി.
(ഞ) കരുവന്തുരുള്ള ഓട്ടുകമ്പനി കമ്പനി.
(ട) കൊച്ചിൻ സ്റ്റേറ്റ് പവ്വർ ആൻറ് ലൈറ്റ് കോർപ്പറേഷൻ.
(ഠ) സ്റ്റാണ്ടേർഡ് വാക്വം ഓയിൽ കമ്പനി (രണ്ടാംതവണ).
(ഡി) കണക്കെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) (എ) വെള്ളാനിക്കര തട്ടിൽ റബ്ബർ എസ്റ്റേറ്റ്.
(ബി) സീതാറാം സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് കമ്പനി.
(സി) ബമ്മാ ഷെൽ ഓയിൽ കമ്പനി.
(ഡി) സ്റ്റാണ്ടേർഡ് വാകും ഓയിൽ കമ്പനി.
(ഇ) കൊച്ചിൻ പോട്ടറിസ്.
(എഫ്) പനംകളം കരുവന്തുർ ടൈൽ ഫാക്ടറീസ്.

DUTY ON ARECANUTS

285. **Mr. Paramel Ipe Ipe** *(Kunnamkulam)*: Will Government be pleased to state.—
(*a*) what is the total amount of duty collected from Cochin State on arecanuts till now under the Proclamation II of 1120;
(*b*) whether any amount has been paid to our Government by the Central Government as per the repayment formula enunciated in the Proclamation;
(*c*) what will the actual amount our Government is entiled to receive up till now as per that provision from the Central Government?

Rao Bahadur T. K. Nayar *(Minister for Public Health)*:
(*a*) Rs. 22,71,702—5—2 till the end of May 1947.
(*b*) No amount has been allocated to the State, so far, as per the formula.
(*c*) This has not been fixed and intimated by the Central Government.

ILLICIT TRANSPORT OF TEAKWOOD

286 മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മറ്റത്തൂർ ആറാപ്പിള്ളി കടവിന്നടുത്തു വെച്ചു കുറെ തേക്കുതടികളും കളവായി കൊണ്ടുവന്നിരുന്നതു കൊച്ചു ഗോവിന്ദൻ നായർ മുതൽപേർ പിടിച്ചു വിവരം ഫാറസ്റ്റരെ അറിയിച്ചുതായി ഒരു കേസ്സ് ഉണ്ടായിട്ടില്ലേ;

(ബി) ഉണ്ടെങ്കിൽ ആ കേസ്സ് എത്ര നിലയിലിരിക്കുന്നു?

മിസ്റ്റർ സി. ആർ. ഈയ്യണ്ണി:

(എ) ഉവ്വ്.

(ബി) കേസ്സ് ഇപ്പോൾ കോടതി വിചാരണയിലിരിക്കുന്നു.

ERNAKULAM PARK—ARTICLE IN THE "MALABAR MAIL"

287 മിസ്സിസ്സ് ടി. ഫ്രാൻസിസ്സ: താഴെ ചോദ്യം ചെയ്യുന്ന സംഗതിയെപ്പറ്റി ബഹുമാനപ്പെട്ട ഗവൺമെണ്ടു വല്ല നടപടിയും എടുത്തിട്ടുണ്ടോ.—

'എറണാകുളത്തെ പാക്കുകൾ' എന്ന തലവാചകത്തിൽ മേടം 24-ാംന- മലബാർ മെയിൽ ഇഷ്യുവിൽ ഒരു പൌരൻ വിവരിച്ചിരിക്കുന്ന എറണാകുളത്തെ പാക്കുകളുടെ സ്ഥിതികളെക്കുറിച്ചു് വല്ല ആലോചനകളും ഗവർമ്മെണ്ടു് നടത്തിയിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ:

ഉണ്ടു്. അറുകുറുങ്ങൾ തീർത്തിട്ടുണ്ടു്.

DEPARTMENT FOR PUBLICITY AND INFORMATION

288 മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ ഒരു മന്ത്രിയുടെ കൂപ്പായിരിക്കുന്ന പബ്ലിസിറ്റി ആൻഡ് ഇൻഫർമേഷൻ വകുപ്പു് മന്ത്രി മരണത്തിൽനിന്നും വേർതിരിച്ചു് മറ്റൊരു മന്ത്രി മരണത്തിനു് വിട്ടുകൊടുക്കുവാൻ ആലോചന നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള ഹേതുവെന്തു്?

റാവു സാഹിബ് എ. മാധവപ്പട:

(എ) ഇല്ല.

(ബി) എ. ഉത്തരംകൊണ്ടു് ഇതിനു ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly